II ഇ.ബി. XII കേരള നിയമസഭ/XV-18

**പന്ത്രണ്ടാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**ചോദ്യോത്തരങ്ങൾ – സംഗ്രഹം**

**2010 ജൂലൈ 22, വ്യാഴം**

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

60 (*511) വനിതാ വ്യവസായ യൂണിറ്റുകൾ

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) നൽകിയ മറുപടിയിൽ, കഴിഞ്ഞ വർഷം വനിതാ സംരംഭകർ 2832 വ്യവസായ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടെന്നും വനിതാ വ്യവസായ സംരംഭകർക്ക് പുതിയ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ബാങ്ക് വായ്പയും മാർജിൻ മണി ഗ്രാന്റും നൽകുന്നതിന് 2009–10 മുതൽ വിമൻസ് ഇൻഡസ്ട്രീസ് സ്കീം നിലവിലുണ്ടെന്നും സഭയെ അറിയിച്ചു. ഈ പദ്ധതി പ്രകാരം മാനേജ്മെന്റിനും വിപണനത്തിനും ആവശ്യമായ ശേഷിവികസനത്തിനുള്ള 20 ദിവസം നീണ്ടുനിൽക്കുന്ന പരിശീലനം കൊടുക്കുകയും പുതിയ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ബാങ്ക് വായ്പയും മാർജിൻ മണി ഗ്രാന്റും നൽകുകയും ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് വിപണനസഹായം നൽകുകയും ചെയ്യുന്നു. പദ്ധതിച്ചെലവിന്റെ 20 ശതമാനം (പരമാവധി 3 ലക്ഷം രൂപ വരെ) സർക്കാർ മാർജിൻമണി ഗ്രാന്റായും 70 ശതമാനം

ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയായും 10 ശതമാനം ഗുണഭോക്തൃ വിഹിതമായുമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. വനിതാ സംരംഭകർക്ക് വിപണന സഹായത്തിനായി വിമൻസ് ഇൻഡസ്ട്രീസ് സ്കീം പ്രകാരം ബി.ഐ.എസ്/അഗ്മാർക്ക് സർട്ടിഫിക്കറ്റിനും ഉല്പന്നത്തിന് പുതിയതും ആകർഷകവുമായ പാക്കേജ് വികസിപ്പിക്കുന്നതിനും മാധ്യമങ്ങളിൽക്കൂടി പരസ്യങ്ങൾ നൽകുന്നതിനും പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിനും ദേശീയ പ്രാദേശിക പ്രദർശനത്തിൽ പങ്കെടുക്കുന്നതിനും ധനസഹായം നൽകുന്നുണ്ട്. വനിതകളുടെ പ്രാഥമിക വ്യവസായ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധനത്തിന്റെ 6 ഇരട്ടി (പരമാവധി ഒരു സംഘത്തിന് 3.50 ലക്ഷം രൂപ) സർക്കാർ ഓഹരി വിഹിതമായും മെഷീനറി വാങ്ങുന്നതിന് ചെലവാകുന്ന തുകയുടെ 50 ശതമാനം (പരമാവധി 25,000/- രൂപ) ധന സഹായമായും നൽകുന്നുണ്ട്. ഐ.എസ്.ഒ. സർട്ടിഫിക്കേഷന് വേണ്ടി വരുന്ന ചെലവിന്റെ 50 ശതമാനം ഗ്രാന്റായി നൽകാൻ ഈ പദ്ധതിയിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. സമാന സ്വഭാവമുള്ള ഉല്പന്നങ്ങളുണ്ടാക്കുന്ന ചെറുകിട യുണിറ്റുകളെ സംയോജിപ്പിച്ച് ക്ലസ്റ്റർ രൂപീകരിക്കുന്നതിന് വനിതാ സംരംഭകർക്ക് സഹായങ്ങൾ ചെയ്തുകൊടുക്കുന്നതാണെന്നും അതിന് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ സാമ്പത്തിക സഹായം ലഭിക്കുമെന്നും വനിതാ വ്യവസായ സംരംഭകരുടെ ഉല്പന്നങ്ങൾ ബ്രാന്റ് ചെയ്യുന്നതിനും സെൻട്രലൈസ്ഡ് മാർക്കറ്റിംഗ് നടത്തുന്നതിനും സഹായങ്ങൾ ചെയ്യാവുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്റർ എന്ന സ്ഥാപനം പുതിയ സംരംഭ കർക്ക് പ്രോത്സാഹനവും ഗൈഡൻസും നൽകുന്നുണ്ടെന്നും വനിതാ

സംരംഭകർക്ക് പ്രത്യേകമായ പരിശീലനം നൽകുന്നതിന് സംവിധാനമുണ്ടാക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. ഓരോ പ്രദേശത്തിന്റേയും സാദ്ധ്യതകൾക്കനുസരിച്ച് വൈവിദ്ധ്യമാർന്ന ഉല്പന്നങ്ങളുണ്ടാക്കുന്നതിനാവശ്യമായ ഉപദേശം നൽകുന്നതിന് ജില്ലാ വ്യവസായ കേന്ദ്രത്തിൽ സംവിധാനമുണ്ടാക്കുന്നതാണ്. ഫീസിബിൾ പ്രോജക്ട് റിപ്പോർട്ടുണ്ടാക്കുന്നതിന് വ്യവസായ വകുപ്പ് സഹായം നൽകുന്നുണ്ടെന്നും ചെറുകിട വ്യവസായങ്ങൾക്കും സ്വയം തൊഴിൽ സംരംഭകർക്കും നൽകുന്ന ബാങ്ക് വായ്പകളുടെ പലിശ നിരക്ക് കുറയ്ക്കണമെന്ന് ആവശ്യപ്പെടുന്നുണ്ടെന്നും വ്യവസായ പാർക്കുകളിൽ സ്ത്രീ സംരംഭകരുടെ അപേക്ഷകൾക്ക് മുൻഗണന നൽകി പ്ലോട്ട് അനുവദിക്കുന്നതിനുള്ള വ്യവസ്ഥ നിലവിലുണ്ടെന്നും മന്ത്രി അറിയിച്ചു. അസംഘടിത മേഖലയിലെ രജിസ്റ്റേർഡ് ബ്രാന്റുകൾക്കുമാത്രമേ നികുതി ഈടാക്കാൻ ഉദ്ദേശിക്കുന്നുള്ളൂവെന്ന് ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രി വ്യക്തമാക്കി.

**61 (* 512) <u>ജല അതോറിറ്റിയുടെ ശാക്തീകരണ പ്രവർത്തനം</u>**

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) നൽകിയ മറുപടിയിൽ, സംസ്ഥാന ജല അതോറിറ്റിയുടെ ശാക്തീകരണത്തിനായി കേരള വാട്ടർ അതോറിറ്റി സെക്രട്ടറി ചെയർമാനും മൂന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ, മൂന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അക്കൗണ്ട്സ് ഓഫീസർ, റവന്യൂ ഓഫീസർ, ഡിവിഷണൽ അക്കൗണ്ടന്റ് എന്നിവർ അംഗങ്ങളുമായുള്ള പത്തംഗ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. കമ്മിറ്റിക്ക് ജിക്ക (JICA) കൺസൾട്ടന്റ് പ്രതിനിധികളുടെ സഹായം ലഭ്യമാക്കുകയും മാനേജിംഗ്

ഡയറക്ടർ, ടെക്നിക്കൽ മെമ്പർ, അക്കൗണ്ട്സ് മെമ്പർ, 5 ചീഫ് എഞ്ചിനീയർമാർ, ഫിനാൻസ് മാനേജർമാർ എന്നിവർ ഉൾപ്പെട്ട ഉപദേശക സമിതി മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരികയും ചെയ്യുന്നു. ശാക്തീകരണത്തിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ വിശദീകരിക്കാനും നിർദ്ദേശങ്ങൾ സ്വീകരിക്കാനും നിരവധി ജില്ലാതല വർക്ക് ഷോപ്പുകൾ നടത്തുകയും അതോറിറ്റിയുടെ ആസ്തികൾ തിട്ടപ്പെടുത്തുന്നതിനുള്ള അസ്സറ്റ് മാനേജ്മെന്റ് നടപ്പാക്കാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരെ ചെയർമാൻമാരാക്കി ജില്ലാ തലത്തിൽ സർക്കിൾ തല കമ്മിറ്റികൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ജല അതോറിറ്റി നടപ്പാക്കുന്ന മുഴുവൻ പദ്ധതികളും പ്രോജക്ട് ഡിവിഷനുകളുടെ കീഴിലാക്കുകയും പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 14 പ്രോജക്ട് ഡിവിഷനുകൾ കൊണ്ടുവരികയും വർഷങ്ങളായി മുടങ്ങിക്കിടന്ന പദ്ധതികൾ പുനരാരംഭിക്കാൻ വിഭാവനം ചെയ്ത സ്പാൻ പദ്ധതി അടക്കമുള്ള എല്ലാ പദ്ധതികളും സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും ജല അതോറിറ്റിയുടെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുകയും പരിഷ്ക്കരിച്ച വെബ്സൈറ്റ് തുറക്കുകയും ഉപഭോക്തൃ സേവനത്തിനുള്ള മാർഗ്ഗരേഖ തയ്യാറാക്കുകയും ഉപഭോക്താക്കൾക്ക് സഹായം നൽകുന്നതിലേയ്ക്കായി എല്ലാ സബ്ഡിവിഷനുകളിലും ഹെൽപ്പ് ഡെസ്ക്കുകൾ ആരംഭിക്കുകയും കാലതാമസം കൂടാതെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ബ്ലൂ ബ്രിഗേഡ് സംവിധാനം ആരംഭിക്കുകയും ഇ-ടെണ്ടറിംഗും ഇ-പെയ്മെന്റും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ഇ-ടെണ്ടറിംഗ് നടപ്പാക്കിയതോടുകൂടി പരമാവധി ലൂപ് ഹോൾസ് അടച്ചുകൊണ്ട് ടെണ്ടർ നടപടികൾ സുതാര്യ

മാക്കാൻ കഴിഞ്ഞിട്ടുണ്ട്. ജല അതോറിറ്റിയുടെ ശാക്തീകരണത്തിന് ഐ.ടി. അധിഷ്ഠിത പ്രവർത്തനങ്ങൾക്കാണ് മുൻഗണന നൽകുന്നത്. അബാക്കസ് സംവിധാനത്തിന്റെ ഭാഗമായി കൺസ്യൂമർ റിഡ്രസ്സൽ സിസ്റ്റം പ്രോജക്ട് മോണിറ്ററിംഗ് സിസ്റ്റം എന്നിവ ഉൾപ്പെടെയുള്ള ഇ-പേമെന്റ് സംവിധാനം തിരുവനന്തപുരം ഡിവിഷന്റെ കീഴിൽ നടപ്പാക്കിയിട്ടുണ്ടെന്നും ഈ സാമ്പത്തിക വർഷംതന്നെ 14 ഡിവിഷനുകളിലും ഇത് ബാധകമാക്കുന്ന താണെന്നും കരാറുകാർക്ക് എസ്റ്റിമേറ്റഡ് ക്വാണ്ടിറ്റിയുടെ 75 ശതമാനം മാത്രമേ മെറ്റീരിയൽ അഡ്വാൻസായി അനുവദിക്കാൻ പാടുള്ളൂവെന്ന് വാട്ടർ അതോറിറ്റിയുടെ ഡയറക്ടർ ബോർഡ് യോഗം തീരുമാനിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. എൽ.ഐ.സി, വേൾഡ് ബാങ്ക് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി നേരത്തെ കമ്മീഷൻ ചെയ്ത പദ്ധതി കൾക്ക് ഹൗസ് കണക്ഷൻ നൽകുന്ന കാര്യവും അവ റീഹാബിലിറ്റേറ്റ് ചെയ്യുന്ന കാര്യവും ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. 01-08-10 മുതൽ എറണാകുളം, തൃപ്പൂണിത്തുറ, വടക്കേക്കര, പറവൂർ മേഖലയിൽ പുതിയ കുടിവെള്ള കണക്ഷൻ കൊടുക്കുന്നതാണ്. കൈനകരി പദ്ധതിക്ക് ക്യാബിനറ്റ് അംഗീകാരം നൽകിയ തുക ചെലവഴിക്കാത്ത പ്രശ്നത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. കുട്ടനാട് വാട്ടർ സപ്ലൈ സ്കീമിന് (186 കോടി രൂപയുടെ പദ്ധതി) JICA യുടെ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് കേന്ദ്രഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ടെന്നും പടിയൂർ സമഗ്ര കുടിവെള്ള പദ്ധതി നടപ്പിലാക്കാനാവശ്യമായ നടപടികൾ സ്വീകരി ക്കുന്നതാണെന്നും കൂത്തുപറമ്പ്-കോട്ടയം-പാട്യം പദ്ധതി ഈ സാമ്പത്തിക വർഷംതന്നെ ആരംഭിക്കുന്നതാണെന്നും ജപ്പാൻ ബാങ്കിന്റെ സാമ്പത്തിക

സഹായത്തോടെ മീനാട് കുടിവെള്ള പദ്ധതി ഈ വർഷംതന്നെ കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും പട്ടുവം പദ്ധതി മൂന്ന് മാസത്തിനുള്ളിൽ ഭാഗികമായി കമ്മീഷൻ ചെയ്യാൻ കഴിയുമെന്നും കഴക്കൂട്ടത്തെ അയിലംകടവ് പദ്ധതിയുടെ ടെൻഡർ ഡോക്യുമെന്റ് നഷ്ടപ്പെട്ട സാഹചര്യത്തിൽ അസാധാരണ നടപടിയെന്ന നിലയിൽ ലഭ്യമായ കോപ്പി ആതന്റിക്കേറ്റ് ചെയ്തുകൊണ്ട് മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിച്ച് കാലതാമസം കൂടാതെ വർക്ക് തുടർന്നുകൊണ്ടുപോകാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും ബാവിക്കര റഗുലേറ്റർ കം-ബ്രിഡ്ജ് റീ ടെണ്ടർ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടെന്നും 2011 ഫെബ്രുവരി മാസത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ കുപ്പിവെള്ളം വിപണിയിലിറക്കുന്നതിനാണ് ശ്രമിക്കുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

62 (*513) <u>പോസ്റ്റ് ബേസിക് നഴ്സിംഗ് കോളേജുകൾ</u>

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സർക്കാർ മേഖലയിൽ തിരുവനന്തപുരത്ത് നഴ്സിംഗ് കോളേജും കോഴിക്കോട് നഴ്സിംഗ് സ്കൂളും സി-മെറ്റിന്റെ കീഴിൽ തൃപ്പൂണിത്തുറ, മുണ്ടൂർ എന്നിവിടങ്ങളിൽ നഴ്സിംഗ് കോളേജുകളും തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടെന്നും സ്വകാര്യ സ്വാശ്രയ കോളേജുകളിലും പോസ്റ്റ് ബേസിക് കോഴ്സിന് അനുമതി നൽകിയിട്ടുണ്ടെന്നും ഈ കോളേജുകളിൽ രണ്ട് വർഷത്തെ പോസ്റ്റ് ബേസിക് ബി.എസ്സി നഴ്സിംഗ് കോഴ്സാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നതെന്നും ജനറൽ നഴ്സിംഗ് പാസ്സായ

വർ രണ്ട് വർഷത്തെ പോസ്റ്റ് ബേസിക് കോഴ്സ് പാസ്സായാൽ ബി.എസ്.സി നഴ്സിംഗിന് തുല്യമാകുമെന്നും സഭയെ അറിയിച്ചു.

63 (*514) വൃദ്ധനയം

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാന വയോജന നയം അംഗീകരിച്ച് 5.12.2006-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും വൃദ്ധർക്കു വേണ്ടി സർക്കാർ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും സംസ്ഥാന സർക്കാർ ഓൾഡ് ഏജ് ഹോമുകളോടനുബന്ധിച്ച് എട്ട് ഡേ കെയർ സെന്ററുകൾ അനുവദിച്ചിട്ടുണ്ടെന്നും സന്നദ്ധ സംഘടനകൾ നടത്തിവരുന്ന 154 ഓൾഡ് ഏജ് ഹോമുകൾക്ക് സംസ്ഥാന സർക്കാർ ധനസഹായം നൽകി വരുന്നുണ്ടെന്നും ഈ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് പ്രതിമാസം 250 രൂപ നിരക്കിൽ ഗ്രാന്റ് നൽകി വരുന്നുണ്ടെന്നും സംസ്ഥാന വയോജന കൗൺസിലും ജില്ലാതല കൗൺസിലും രൂപീകരിച്ചിട്ടുണ്ടെന്നും 30.4.2008-ലെ ഉത്തരവ് പ്രകാരം വൃദ്ധസദനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനേയും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനേയും സംബന്ധിച്ച് പരിശോധിക്കുന്നതിനായി ഒരു സബ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും മാതാ പിതാക്കളുടേയും മുതിർന്ന പൗരന്മാരുടേയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച ചട്ടങ്ങൾ പ്രകാരം സംസ്ഥാന കൗൺസിലും ജില്ലാ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ടെന്നും വൃദ്ധജന സംരക്ഷണം ഉൾപ്പെടെയുള്ള കാര്യങ്ങൾ കൂടുതൽ ശക്തമാക്കുന്നതിന് സോഷ്യൽ സെക്യൂരിറ്റി മിഷൻ ആരംഭിച്ചിട്ടുണ്ടെന്നും വൃദ്ധജനങ്ങളുടെ സംരക്ഷണം ലക്ഷ്യമാക്കി തിരുവനന്തപുരം

ചാക്കയിൽ പ്രവർത്തിക്കുന്ന കെയർ ഹോം, തിരുവനന്തപുരം പുലയനാർകോട്ടയിൽ 2.85 ഏക്കർ സ്ഥലത്ത് ആധുനിക രീതിയിൽ നിർമ്മിച്ച കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വൃദ്ധസദനങ്ങൾക്കും ഡേ കെയർ സെന്ററുകൾക്കും പ്രവർത്തന ചെലവുകൾക്ക് ഫണ്ട് അനുവദിക്കുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. വയോജനങ്ങളുടെ ക്ഷേമത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാർ വയോജന നയത്തിൽ ഒരു കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും മതിയായ വാർദ്ധക്യകാല പെൻഷൻ, ക്ഷേമനിധി പദ്ധതികൾ, യാത്രക്കൂലിയിൽ ഇളവ്, യാത്ര ചെയ്യുന്നതിന് പ്രത്യേക സൗകര്യങ്ങൾ, തൊഴിലെടുക്കുവാൻ കഴിവുള്ളവർക്ക് പ്രത്യേക സഹായങ്ങൾ, സുരക്ഷിതമായ നിക്ഷേപ പദ്ധതികൾ, വൃദ്ധർക്ക് ഇൻഷ്വറൻസ് പരിരക്ഷ, മാതാപിതാക്കൾക്ക് വാർദ്ധക്യകാലത്ത് മക്കളുടെ സംരക്ഷണം ഉറപ്പാക്കൽ എന്നിവയും ആരോഗ്യ മേഖലയിൽ ആരോഗ്യ ഇൻഷ്വറൻസ്, ആശുപത്രികളിൽ ജറന്റോളജി ക്ലിനിക്കുകൾ, ജെറിയാട്രിക് വാർഡുകൾ, ആതുര ശുശ്രൂഷാ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ജറന്റോളജി, ജറിയാട്രി എന്നിവയിൽ പ്രത്യേക ഇൻസർവ്വീസ് പരിശീലനം, പ്രധാന ജീവൻരക്ഷാ മരുന്നുകളുടെ വില നിയന്ത്രണവും ലഭ്യത ഉറപ്പാക്കലും, സ്വകാര്യ ചികിത്സാ മേഖലയിൽ ദുരിതാശ്വാസ ഫണ്ട് രൂപീകരണം, ജീവൻ രക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കൽ, സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റുകൾ, പോഷകാഹാരം ലഭ്യമാക്കൽ, വൃദ്ധർക്ക് പ്രത്യേക ആരോഗ്യ സുരക്ഷാ പാക്കേജ്, ലഘു വ്യായാമത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ

പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തൽ, വൃദ്ധരുടെ ചികിൽസാ രംഗത്ത് ബഹുജന സർക്കാരിതര സംഘടനകളുടെ പങ്കാളിത്തം ഉറപ്പുവരുത്തൽ എന്നിവയും വയോജന നയത്തിൽ വിഭാവനം ചെയ്യുന്നുണ്ടെന്നും നഗര പ്രദേശങ്ങളിൽ വൃദ്ധർക്കായി ഹെൽപ്പ്ലൈൻ ഏർപ്പെടുത്തുന്നതാണെന്നും കൗൺസിലിംഗ് സൗകര്യങ്ങൾ, പകൽ പരിപാലന കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കുന്നതിന് സന്നദ്ധ സംഘടനകൾക്ക് പ്രോൽസാഹനം നൽകുന്നതാണെന്നും വൃദ്ധർക്ക് നിയമപരമായ സുരക്ഷ ഉറപ്പാക്കുന്നതിന് പോലീസും ജുഡീഷ്യറിയും പ്രത്യേകം ശ്രദ്ധിക്കുന്നതാണെന്നും വൃദ്ധർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും വൃദ്ധരുടേതായ 178 പരാതികളിൽ പരിഹാരം കണ്ടിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

64 (*515) **ഒരേ സ്വഭാവമുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ**

വ്യവസായ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാന സർക്കാരിന്റെ കീഴിൽ Kerala Minerals & Metals Ltd, Travancore Titanium Products Ltd, Malabar Cements Ltd, Travancore Cements Ltd, Kerala Ceramics Ltd, Kerala Clays & Ceramic Products Ltd, Electrical sector-ന്റെ കീഴിൽ വരുന്ന കെൽ, യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ്, ട്രാക്കോ കേബിൾ, The Malappuram Co-operative Spinning Mills Ltd, The Quilon Co-operative Spinning Mills Ltd, The Cannannore Co-operative Spinning Mills Ltd, The Trichur Co-operatve Spinning Mills Ltd, Alleppey Co-operative Spinning Mills, Units under KSTC -

Prabhuram Mills, Edarikode Textiles, MSWM, Kottayam Textiles, Trivandrum Spinning Mills, Sitaram Textiles Ltd., Handicraft Development Corporation Ltd, Kerala Artisans Development Corporation Ltd, HANVEEV, HANTEX എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ ഒരേ സ്വഭാവമുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ഇവയിൽ Kerala Minerals & Metals Ltd, Travancore Titanium Products Ltd, Travancore-Cochin Chemicals Ltd, Malabar Cements Ltd, Travancore Cements Ltd, Alleppey Co-operative Spinning Mills, Kerala State Textile Corporation Ltd, Trichur Co-operative Spinnings Mills Ltd, Traco Cable Company Ltd, Kerala Electrical & Allied Engineering Company Ltd, United Electrical Industries Ltd, Kerala Clays & Ceramic Products Ltd, Kerala Ceramics Ltd, Handicrafts Development Corporation (Kerala) Ltd, Kerala Artisans Development Corporation Ltd, Keltron Component Complex Ltd, Kerala State Handloom Development Corporation Ltd എന്നീ സ്ഥാപനങ്ങൾ ലാഭകരമായി പ്രവർത്തിക്കുന്നുണ്ട്. സമാനമേഖലയിൽ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളുടെ പരസ്പര സഹകരണം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുകയും ടെക്സ്റ്റൈൽ സെക്ടറിന് കീഴിലുള്ള എല്ലാ മില്ലുകൾക്കും ആവശ്യമായ പരുത്തി ലഭ്യമാക്കുന്നതിനുവേണ്ടി ഒരു centralized cotton purchase committee-യും cotton സംഭരിക്കുന്നതിന് ധനസഹായം

നൽകുന്നതിന് സർക്കാർ സഹായത്തോടെ 12 കോടി രൂപയുടെ കോർപ്പസ് ഫണ്ടും രൂപീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും ഇത് KSTC യുടെ അധീനത യിലുള്ള യൂണിറ്റുകളുടേയും TEXFED-ന്റെ കീഴിലുള്ള മില്ലുകളുടെ ഉൽപ്പന്നങ്ങളുടേയും ഗുണനിലവാരവും കാര്യക്ഷമതയും മെച്ചപ്പെടു ത്തുന്നതിന് സഹായകരമായിട്ടുണ്ടെന്നും Kerala State Electronics Development Corporation Ltd. ന്റെ അധീനതയിലുള്ള സ്ഥാപനങ്ങൾ ഉൽപ്പന്നങ്ങൾ പരസ്പരം ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചി ട്ടുണ്ടെന്നും Kerala State Industrial Products Trading Corporation Ltd.നെ Travancore Titanium Products Ltd- മായി ലയിപ്പിക്കാനുള്ള തീരുമാനമാ യിട്ടുണ്ടെന്നും Sitaram Textiles, Trivandrum Spinning Mills എന്നീ സ്ഥാപനങ്ങളെ Kerala State Textiles Corporation Ltd-ന്റെ യൂണിറ്റു കളാക്കി മാറ്റിയിട്ടുണ്ടെന്നും Keltron Magnetics Ltd, Keltron Crystals Ltd, Keltron Resistors Ltd എന്നീ സ്ഥാപനങ്ങളെ Keltron Component Complex Ltd- മായി ലയിപ്പിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 4868 മുതൽ 5131 വരെയുള്ള ചോദ്യങ്ങളിൽ 134 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)